**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5352 — 01.07.2014-ലെ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ എന്നീ നിയോജക മണ്ഡലങ്ങളിലാണ് സഞ്ചരിക്കുന്ന ത്രിവേണികൾ പ്രവർത്തിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ എവിടെയെല്ലാം ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ പനമരം, വാളാട് എന്നീ സ്ഥലങ്ങളിലായി ഓരോ ലിറ്റിൽ ത്രിവേണികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുതുതായി ത്രിവേണി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (സി) | ജനസാന്ദ്രത, വിൽപ്പന സാധ്യത, സർക്കാർ തലത്തിൽ നടത്തുന്ന ഇതര നിത്യോപയോഗ വിതരണ സ്റ്റോറുകളുടെ അഭാവം എന്നീ ഘടകങ്ങൾക്ക് പ്രാമുഖ്യം നൽകിയും വിവിധ തലത്തിൽ നിന്നു ലഭിക്കുന്ന അപേക്ഷകൾ എന്നിവ പരിഗണിച്ചുമാണ് പുതിയ ത്രിവേണി സ്റ്റോറുകൾ അനുവദിക്കാറുള്ളത്. ഇതു കൂടാതെ ഇത്തരം സ്റ്റോറുകൾ വയബിൾ ആയി നടത്തുവാൻ പര്യാപ്തമാണോ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം |

എന്നത് ആ ജില്ലയിലെ
ഫെഡറേഷൻ ഭരണസമിതി
അംഗം ബന്ധപ്പെട്ട റീജിയണൽ
മാനേജരുമായി ചർച്ച ചെയ്ത്
വിലയിരുത്തി നൽകുന്ന
ശുപാർശയുടെ
അടിസ്ഥാനത്തിലാണ് അന്തിമ
തീരുമാനം കൈക്കൊള്ളുന്നത്.

സെക്ഷൻ ഓഫീസർ